# പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ : *49

02-12-2014-ൽ മറുപടിക്ക്

### പ്രകൃതിവാതകം

**ചോദ്യം**

ശ്രീ. ബി.ഡി.ദേവസ്സി
ശ്രീ.എളമരം കരീം
ശ്രീ. സാജു പോൾ
ശ്രീ. കെ.കെ.ജയചന്ദ്രൻ

(എ) പുതുവൈപ്പ് പെട്രോനെറ്റ് എൽ. എൻ.ജി. കടുത്ത പ്രതിസന്ധിയിലായിട്ടും കേന്ദ്ര-സംസ്ഥാന സർക്കാരുകൾ വേണ്ട ഗൗരവം കാണിക്കുന്നില്ലെന്ന ആക്ഷേപത്തിൽ സർക്കാർ നിലപാട് വ്യക്തമാക്കുമോ ;

**ഉത്തരം**

ശ്രീ.പി.കെ.കുഞ്ഞാലിക്കുട്ടി
(വ്യവസായവും വിവരസാങ്കേതികവും വകുപ്പു മന്ത്രി)

(എ) പെട്രോനെറ്റ് എൽ.എൻ.ജിയുടെ പുതുവൈപ്പിലെ സംഭരണ ശേഷി പൂർണ്ണമായും പ്രയോജനപ്പെടുത്തുന്നതിന് കൊച്ചിയിൽ നിന്നും മംഗലാപുരത്തേക്കും ബാംഗ്ലൂരിലേക്കും നടപ്പാക്കേണ്ട പൈപ്പ് ലൈൻ പദ്ധതി പൂർത്തീകരിക്കേണ്ടത് അനിവാര്യമാണ്. എന്നാൽ പ്രാദേശികമായ എതിർപ്പുകൾ മൂലം, പൈപ്പ് ലൈൻ പദ്ധതി മന്ദഗതിയിലാണ് പുരോഗമിക്കുന്നത്. സംസ്ഥാന സർക്കാർ ഈ പദ്ധതിക്കു വേണ്ടി ബന്ധപ്പെട്ട കക്ഷികളെ വിളിച്ചു കൂട്ടി നിരന്തരം ചർച്ച നടത്തുകയും പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിനായി ഭൂമിയുടെ ഉപയോഗാവകാശം നൽകുന്നവർക്കുള്ള നഷ്ട പരിഹാരതുക അഞ്ചിരട്ടി വരെ വർദ്ധിപ്പി

ക്കുകയും ചെയ്യുകയുണ്ടായി. എന്നിരുന്നാലും, പ്രാദേശിക എതിർപ്പുകൾ പൂർണ്ണമായും മറികടക്കാൻ കഴിയാത്തതിനാൽ പദ്ധതി പുരോഗതി കൈവരിക്കുന്നതിൽ കാലതാമസം നേരിടുന്നുണ്ട്. തടസ്സങ്ങൾ നീക്കി പദ്ധതി പ്രാവർത്തികമാക്കുന്നതിന് സംസ്ഥാന സർക്കാർ സാധ്യമായ എല്ലാ നടപടികളും സ്വീകരിക്കുന്നുണ്ട്. ഇതിന്റെ ഭാഗമായി പൈപ്പ് ലൈൻ കടന്നുപോകുന്ന ജില്ലകളിലെ ജനപ്രതിനിധികളുടേയും, ജില്ലാ കളക്ടർമാരുടേയും GAIL, Petronet LNG എന്നിവയുടെ പ്രതിനിധികളുടേയും ഒരു യോഗം 28/10/2014 - ൽ ബഹു. മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ ചേരുകയും, കൊച്ചിയിൽ ഡിസംബറിൽ പ്രാവർത്തികമാകുമെന്ന് പ്രതീക്ഷിക്കുന്ന സിറ്റി ഗ്യാസ് ഡിസ്ട്രിബ്യൂഷൻ പദ്ധതിയുടെ പുരോഗതി നേരിൽ വിലയിരുത്തിയതിനു ശേഷം, വീണ്ടും ജനപ്രതിനിധികളുടെ യോഗം ചേരുവാൻ തീരുമാനിക്കുകയും ചെയ്തു. യോഗത്തിലുണ്ടായ ക്രിയാത്മകമായ ചർച്ച, പൈപ്പ്ലൈൻ പദ്ധതി സംബന്ധിച്ച ജനപ്രതിനിധികളുടെ ആശങ്ക ഒരു പരിധിവരെ ലഘൂകരിക്കുവാൻ ഉപകരിച്ചിട്ടുണ്ട് എന്നാണ് സർക്കാർ വിലയിരുത്തിയിട്ടുള്ളത്.

(ബി) വ്യവസായ ശാലകളിലും വീടുകളിലും വാഹനങ്ങളിലും പ്രകൃതിവാതകം എത്തിക്കുന്നതിനു വേണ്ട സൗകര്യങ്ങൾ ഒരുക്കുന്നതിൽ സംസ്ഥാന സർക്കാരിന്റെ ഭാഗത്തു നിന്നും വീഴ്ച വരുന്നതായ പരാതി വിലയിരുത്തിയിട്ടുണ്ടോ ; വിശദമാക്കുമോ ;

(സി) പ്രകൃതിവാതകം ആവശ്യമായ മേഖലയിൽ എത്തിക്കുന്നതിനുള്ള പദ്ധതികൾ പ്രാവർത്തികമാക്കുന്നതിനുള്ള പ്രധാന തടസ്സങ്ങൾ എന്താണെന്നും ഇത് പരിഹരിക്കുന്നതിന് എന്ത് ക്രിയാത്മക നടപടി സ്വീകരിച്ചുവെന്നും വ്യക്തമാക്കുമോ ;

(ബി) & (സി) വീടുകളിലും വാഹനങ്ങളിലും 50,000 (അമ്പതിനായിരം) standard cubic meter പ്രകൃതി വാതകം പ്രതിദിനം ഉപയോഗിക്കുന്ന ചെറുകിട വ്യവസായ ശാലകളിലും ഇന്ധനമായി പ്രകൃതി വാതകം എത്തിക്കുന്നതിനുള്ള പദ്ധതി കേന്ദ്ര ഏജൻസിയായ പെട്രോളിയം ആന്റ് നാച്ചുറൽ ഗ്യാസ് റെഗുലേറ്ററി ബോർഡിന്റെ (PNGRB) അനുമതിയോടുകൂടി മാത്രമേ നടപ്പിലാക്കാൻ സാധിക്കുകയുള്ളു. സംസ്ഥാന സർക്കാരിന്റെ സമ്മർദ്ദത്തെത്തുടർന്ന് 2011-ൽ PNGRB എറണാകുളം ജില്ലയിൽ ഇതിനു വേണ്ടിയുള്ള അനുമതിക്കായി അപേക്ഷകൾ ക്ഷണിച്ചുവെങ്കിലും ഇത് പലതവണ മാറ്റിവയ്ക്കുകയും തുടർന്ന് ഉപേക്ഷിക്കുകയും ചെയ്തു. തുടർന്ന് സംസ്ഥാന സർക്കാരിന്റെ നിരന്തര സമ്മർദ്ദം കാരണം 2013 - ൽ അപേക്ഷകൾ ക്ഷണിക്കുകയും 2014 ആഗസ്റ്റ് മാസം അപേക്ഷകൾ സ്വീകരിക്കുകയും ചെയ്തു. കേരള സർക്കാരിന്റെയും ഗെയിൽ ലിമിറ്റഡിന്റേയും സംയുക്ത സംരംഭമായ Kerala Gail Gas Limited ഇതിനുവേണ്ടി അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. ഇതിന്റെ തുടർ നടപടികൾ PNGRB സ്വീകരിച്ച് വരികയാണ്. നടപടികൾ

പൂർത്തിയാക്കി ഡിസംബർ മാസത്തോടു കൂടി സിറ്റി ഗ്യാസ് ഡിസ്ട്രിബ്യൂഷൻ (CGD) പദ്ധതിയ്ക്കുള്ള അനുമതി PNGRB യിൽ നിന്നും ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

(ഡി) എൽ.എൻ.ജി.ക്ക് വാറ്റ് ഒഴിവാക്കി പ്രതിസന്ധിക്ക് പരിഹാരം കാണുന്നതിന് സഹായകമായ നിലപാട് സ്വീകരിക്കണമെന്ന ആവശ്യത്തിൻമേൽ നിലപാട് വ്യക്തമാക്കുമോ ?

(ഡി) കടുത്ത സാമ്പത്തിക പ്രതിസന്ധി നേരിടുന്ന കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ FACT - യുടെ പ്രവർത്തനം 2013 ഒക്ടോബർ മാസത്തോടുകൂടി നാഫ്തയിൽ നിന്നും LNG - യിലേക്ക് മാറുകയുണ്ടായി. LNG - യുടെ വില ക്രമാതീതമായി ഉയർന്നതിനെ തുടർന്ന് LNG ഉപയോഗിച്ചുള്ള പ്രവർത്തനങ്ങൾ 2014 ജനുവരി മാസത്തോടുകൂടി FACT നിറുത്തുകയുണ്ടായി. LNG - യുടെ വില കൂടുതൽ കാരണം ഇപ്പോൾ ഇറക്കുമതി ചെയ്യുന്ന അമോണിയ ഉപയോഗിച്ചാണ് FACT പ്രവർത്തനം നടത്തുന്നത്. ഇതുകാരണം കമ്പനിയുടെ 70% പ്രവർത്തനക്ഷമത മാത്രമേ കൈവരിക്കാൻ കഴിയുന്നുള്ളൂ. മാത്രമല്ല, ഇതുമൂലം സംസ്ഥാനത്ത് രാസവളത്തിന്റെ ലഭ്യത വളരെ കുറഞ്ഞിരിക്കുകയുമാണ്. ഈ വസ്തുതകൾ പരിഗണിച്ച് LNG അധിഷ്ഠിത പ്രവർത്തനങ്ങൾക്കായി FACT വാങ്ങുന്ന LNG - യ്ക്ക്

KVAT ഒഴിവാക്കി നൽകുവാൻ സർക്കാർ തത്വത്തിൽ തീരുമാനിച്ചിട്ടുണ്ട്. എന്നാൽ സംസ്ഥാനത്ത് ഉത്പാദിപ്പിക്കപ്പെടുന്ന (re-gasification) LNG - യ്ക്ക് മുഴുവനായി VAT ഒഴിവാക്കുക എന്ന വിഷയം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

സെക്ഷൻ ഓഫീസർ